പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 351 13-10-2026-ൽ മറുപടിയ്ക്ക്

ഓപ്പറേഷൻ ത്രഫാൻ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ദീപക് ജോയ് ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) ഓപ്പറേഷൻ ത്രഫാൻ ദൗത്യവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

മറുപടി: ശക്തമായ നിയമനടപടികളോടൊപ്പം ജനകീയവും വാർഡ് തലത്തിലുള്ളതുമായ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനായി കേരള സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'ത്രഫാൻ 2.0'. മയക്കുമരുന്ന് മാഫിയക്കെതിരായ ബോധവൽക്കരണ - പ്രതിരോധ ദൗത്യമായ 'ഓപ്പറേഷൻ ത്രഫാൻ' (Operation Toofan)-ന്റെ രണ്ടാം ഘട്ടമാണിത്. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 20,999 വാർഡുകളിലും ത്രഫാൻ വാർഡ് തല ജാഗ്രതാ സമിതികൾ രൂപീകരിക്കുകയും, ത്രഫാൻ ഗ്രാമസഭകൾ മുഖേന പ്രാദേശിക തലത്തിലുള്ള ലഹരി പ്രശ്നങ്ങൾ കണ്ടെത്തി പ്രതിരോധ നടപടികൾ ആസൂത്രണം ചെയ്യുകയും ചെയ്യും. 'ത്രഫാൻ കെയർ' പദ്ധതിയിലൂടെ കൗൺസലിംഗ്, ലഹരി വിമുക്ത ചികിത്സ, പുനരധിവാസം, സാമൂഹിക പുനഃസംയോജനം എന്നിവ ഉറപ്പാക്കുന്നതിനും, സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകളുടെയും സ്കൂൾ /കോളേജ് സംരക്ഷണ ഗ്രൂപ്പുകളുടെയും പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കും. ടോൾ ഫ്രീ നമ്പർ, വാട്സ്ആപ്പ്, ക്യൂ.ആർ. കോഡ് തുടങ്ങിയ രഹസ്യ വിവര കൈമാറ്റ സംവിധാനങ്ങൾ വിപുലീകരിക്കുകയും, കുടുംബശ്രീ, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യനീതി, യുവജനകാര്യം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ഏകോപനം ശക്തിപ്പെടുത്തുകയും ചെയ്യും. ഓരോ വാർഡിലും 12 മാസത്തെ പ്രവർത്തന കലണ്ടർ അടിസ്ഥാനമാക്കി ബോധവൽക്കരണ പരിപാടികൾ , ലഹരി ഹോട്ട്സ്പോട്ടുകൾ കണ്ടെത്തൽ, കൗൺസലിംഗ്

ക്യാമ്പുകൾ, യുവജനങ്ങളുടെ കായിക-കലാ പ്രവർത്തനങ്ങൾ, കുടുംബ സന്ദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

(ബി) പ്രസ്തുത ദൗത്യം മുഖേന ഇതുവരെ പിടിച്ചെടുത്തിട്ടുള്ള ലഹരിവസ്തുക്കളുടെ മൂല്യം കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

<u>മറുപടി:</u> പിടിച്ചെടുത്ത ലഹരിവസ്തുക്കളുടെ കൃത്യമായ സാമ്പത്തിക മൂല്യം അവയുടെ അളവും തരവും അനുസരിച്ച് കണക്കാക്കി വരുന്നു.

(സി) ഓപ്പറേഷൻ ക്ലീൻ മുഖാന്തരമായി ബന്ധപ്പെട്ട് ഇതുവരെ എത്ര വ്യക്തികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ; പ്രസ്തുത കേസുകൾ മാത്രം പരിഗണിക്കുന്നതിനായി പ്രത്യേക കോടതി സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>മറുപടി:</u> ഓപ്പറേഷൻ ക്ലീൻ പദ്ധതിയുടെ ഭാഗമായി 05/10/2026 തീയതി വരെ 12050 കേസുകൾ രജിസ്റ്റർ ചെയ്യുകയും 13002 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുള്ളതാണ്.

നിലവിൽ 7 ജൂഡീഷ്യൽ ജില്ലകളിൽ സ്പെഷ്യൽ NDPS കോടതികൾ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. അനുവദിച്ചതിൽ നിലവിൽ മൂന്ന് NDPS കോടതികൾ പ്രവർത്തിച്ചുവരുന്നുണ്ട്.

പ്രസ്തുത കേസുകൾ മാത്രം പരിഗണിക്കുന്നതിനായി പ്രത്യേക കോടതി സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ